പത്രക്കുറിപ്പ്

# ഇരുചക്ര വാഹനമോഷ്ടാക്കൾ പിടിയിൽ

## കോവിഡ്-19

## വിലക്ക് ലംഘനം : 218പേർക്കെതിരെ നിയമ നടപടി 39,400/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ പരിസരത്ത് നിന്നും ഇരുചക്രവാഹന മോഷണം നടത്തിയ പ്രതികൾ മെഡിക്കൽ കോളേജ് പോലീസിന്റെ പിടിയിലായതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ആറ്റിപ്ര വില്ലേജിൽ പൗണ്ട് കടവ്, വലിയവേലി ഗ്രൗണ്ടിന് സമീപം തൈവിളാകം ഹൗസിൽ അജിത് (27 വയസ്സ്) ആറ്റിപ്ര വില്ലേജിൽ പൗണ്ട് കടവ്, വലിയവേലി ഗ്രൗണ്ടിന് സമീപം തൈവിളാകം ഹൗസിൽ വിജീഷ്(22 വയസ്സ്) എന്നിവരെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. പത്തനാപുരം, വിളക്കുടി, പറയന്റവിള രാംദാസിന്റെ ബൈക്കാണ് കഴിഞ്ഞ 21-ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഓഫീസിന് മുൻവശത്ത്നിന്ന് പ്രതികൾ മോഷ്ടിച്ച് കൊണ്ട് പോയത്. തുടർന്ന് സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം, ഡി സി പി (ക്രമസമാധാനം & ട്രാഫിക്) ഡോ. ദിവ്യ വി ഗോപിനാഥിന്റെ മേൽനോട്ടത്തിൽ മെഡിക്കൽ



മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത അജിത് (27), വിജീഷ് (22)

കോളേജ് എസ്.എച്ച്.ഒയുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിനൊടുവിലാണ് പ്രതികൾ വലയിലായത്. ഒന്നാം പ്രതിക്കെതിരെ വലിയതുറ പോലീസ് സ്റ്റേഷനിൽ വധശ്രമ കേസുകൾ നിലവിലുണ്ട്. മോഷണത്തിലൂടെയും മറ്റും ലഭിക്കുന്ന പണം ലഹരി വസ്തുക്കളുടെ ഉപയോഗത്തിനാണ് പ്രതികൾ ചിലവഴിക്കുന്നത്. പ്രതികളെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ മോഷണകേസുകളിൽ ഇവർ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുന്നതാണ്. എസ് എച്ച് ഒ ഹരിലാൽ, എസ് ഐ പ്രശാന്ത്, എസ്.സി.ഒ രഞ്ജിത്ത്, സി.പി.ഒ മാരായ പ്രതാപൻ, ശ്രീജിത്ത്, വിനീത് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്.

കോവിഡ്–19 കേസ് വിവരം

നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (28–10–2020) നടത്തിയ പരിശോധനയിൽ 218 പേർക്കെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 189 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 8 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 5 വാഹനങ്ങൾക്കെതിരെയും ഇന്നലെ നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 39,400/– രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ രോഗവ്യാപനം

ഉണ്ടാകുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 16 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്– 2020 പ്രകാരവും കേസെടുത്തു.

കോവിഡ് രോഗവ്യാപനം ദിനംപ്രതി അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യാപാര സ്ഥാപനങ്ങളിൽ പോലീസ് കർശന പരിശോധന നടത്തുമെന്നും മനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന കടകൾ പൂട്ടിയ്ക്കുമെന്നും കമ്മീഷണർ അറിയിച്ചു. തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

28–10–2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

28/10/2020

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി